പതിനാലാം കേരള നിയമസഭ

ബുള്ളറ്റിൻ - ഭാഗം 2

2016 ഡിസംബർ 17

നമ്പർ : 137

## സബ്ജക്ട് കമ്മിറ്റികൾ (2016-18) - ചെയർമാൻ, എക്സ്-ഒഫീഷ്യോ അംഗങ്ങൾ എന്നിവരുടെ നാമനിർദ്ദേശം

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രിയായിരുന്ന ശ്രീ ഇ. പി. ജയരാജൻ 14.10.2016 ന് രാജി വയ്ക്കുകയും ശ്രീ. എം. എം. മണി 22.11.2016 ന് വൈദ്യുതി വകുപ്പുമന്ത്രിയായി ചുമതല ഏൽക്കുകയും ചെയ്തതിനെ തുടർന്ന് വകുപ്പുകൾ പുന:ക്രമീകരിച്ചത് പ്രകാരം, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 233, 234 എന്നിവ അനുസരിച്ച് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ ചെയർമാൻ, എക്സ്-ഒഫീഷ്യോ അംഗം എന്നീ സ്ഥാനങ്ങളിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിരിക്കുന്നു

1. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനെ സബ്ജക്ട് കമ്മിറ്റി IV ന്റെ ചെയർമാനായും സബ്ജക്ട് കമ്മിറ്റി VI ന്റെ എക്സ്-ഒഫീഷ്യോ അംഗമായും നാമനിർദ്ദേശം ചെയ്തിരിക്കുന്നു

2. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനെ സബ്ജക്ട് കമ്മിറ്റി XI ന്റെ ചെയർമാനായും സബ്ജക്ട് കമ്മിറ്റി X ന്റെ എക്സ്-ഒഫീഷ്യോ അംഗമായും നാമനിർദ്ദേശം ചെയ്തിരിക്കുന്നു

3. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയെ സബ്ജക്ട് കമ്മിറ്റി VII ന്റെ എക്സ്-ഒഫീഷ്യോ അംഗമായി നാമനിർദ്ദേശം ചെയ്യുകയും സബ്ജക്ട് കമ്മിറ്റി II-ലെ അംഗത്വത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു.

4. മേൽപ്പറഞ്ഞ മന്ത്രിമാരെ അവർ മുമ്പ് ചുമതല വഹിച്ചിരുന്ന സബ്ജക്ട് കമ്മിറ്റികളിലെ അംഗത്വത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രൻ സബ്ജക്ട് കമ്മിറ്റി II ന്റെ എക്സ്-ഒഫീഷ്യോ അംഗമായി തുടരുന്നതാണ്.

വി. കെ. ബാബുപ്രകാശ്,

സെക്രട്ടറി.